# വചനവിചിന്തനം ഒക്ടോബർ 25 ഞായർ, 2009

**വി. മത്തായി (8.23-34)**

മിശിഹായിൽ പ്രിയപ്പെട്ടവരേ,

വാഗ്ദാനങ്ങളുടെ പൂർത്തീകരണമായി യഹൂദർ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ യേശുവാണെന്നും അവൻ രക്ഷകനും ദൈവപുത്രനും ആണെന്നും വായനക്കാരെ ബോധ്യപ്പെടുത്തുക എന്നതാണ് വി.മത്തായിയുടെ സുവിശേഷത്തിൻെറ ലക്ഷ്യം. ആ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി മത്തായി സുവിശേഷകൻ യേശു ചെയ്ത പത്തു അത്ഭുതങ്ങൾ അവതരിപ്പിക്കുന്നു. അതിൽ രണ്ട് അത്ഭുത വിവരണങ്ങളാണ് ഇന്നു നാം വായിച്ചു കേട്ടത്.

ഈ രണ്ട് അത്ഭുതങ്ങളിൽ ആദ്യത്തേത് ചോദ്യവും രണ്ടാമത്തേത് ആ ചോദ്യത്തിനുള്ള ഉത്തരവുമാണ്. കൊടുങ്കാററിനെ ശാന്തമാക്കുമ്പോൾ ശിഷ്യർ ചോദിക്കുന്നത് കാറ്റിനേയും കടലിനേയും പോലും ശാന്തമാക്കുന്ന ഇവൻ ആര് എന്നാണ്. ഈ ചോദ്യത്തിന് ഉത്തരമായി ഇവൻ യഥാർത്ഥത്തിൽ ദൈവപുത്രനാണെന്ന് പിശാചുതന്നെ സാക്ഷ്യം നൽകുന്നു. ഇതിനേക്കാൾ വലിയൊരു സാക്ഷ്യം എവിടെ നിന്ന് ലഭിക്കാനാണ്? ദൈവത്തിൻെറ പരിശുദ്ധിയേക്കുറിച്ചും പരമാധികാരത്തെക്കുറിച്ചും കൃത്യമായ അറിവുള്ളത് പിശാചിനുതന്നെയാണ്. പക്ഷേ ദൈവീകസാന്നിദ്ധ്യം തങ്ങളുടെ ഇപ്പോഴത്തെ ജീവിതത്തിൽ മാറ്റം ആവശ്യപ്പെടുന്നു എന്ന് തിരിച്ചറിയുന്ന ആളുകൾ യേശുവിനെ അവിടെ നിന്ന് അകറ്റി നിർത്താനാണ് പരിശ്രമിക്കുന്നത്.

ജീവിതത്തെ എപ്പോഴും കടലുമായി താരതമ്യം ചെയ്യാറുണ്ട്. കടൽ എന്നും ഒരു അത്ഭുതമാണ്, രഹസ്യമാണ്. ഉള്ളിലുള്ളതിനെ വളരെ അപൂർവ്വമായി മാത്രമേ പുറത്ത് കാണിക്കാറുള്ളൂ. വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും അതിനെ ശക്തമായി സ്വാധീനിക്കാറുണ്ട്. ചിലപ്പോൾ പുറമേ തികഞ്ഞ ശാന്തതയുടെ ഉള്ളിൽ മരണച്ചുഴികൾ ആയിരിക്കും. ഇങ്ങനെ കടലിനെക്കുറിച്ച് വർണ്ണിച്ചാലും വർണ്ണിച്ചാലും തീരാത്ത......... കാര്യങ്ങൾ ജീവിതത്തെ സംബന്ധിച്ചും നൂറുശതമാനവും സത്യമാണ്.

കൊടുങ്കാറ്റിൻെറ ശക്തിയോടെ ജീവിതത്തിൽ പ്രതിസന്ധികൾ ആഞ്ഞടിക്കുമ്പോൾ, തിരമാലയിൽപ്പെട്ട് ജീവിതം മുങ്ങിപ്പോകുമ്പോൾ, തിരിച്ചറിയുക, ദൈവത്തിന് നമ്മെ വിട്ട് ഉറങ്ങാൻ സാധിക്കില്ല. അടങ്ങുക ശാന്തമാവുക എന്ന് പറഞ്ഞു കൊണ്ട് അവൻ നമ്മുടെ കൂടെയുണ്ട്. തകർച്ചയുടെ അഗാധഗർത്തങ്ങളിൽ നിന്നും അവൻ നമ്മെ കൈപിടിച്ചുയർത്തും. പക്ഷേ ഈ ദൈവസാന്നിദ്ധ്യത്തെ നാം തിരിച്ചറിയാതെ പോകുന്നു. അല്ലെങ്കിൽ അവഗണിക്കുന്നു എന്നതാണ് പ്രശ്നം. കാരണം അത് നമ്മുടെ മനസ്സിന്റെ മാറ്റം ആവശ്യപ്പെടുന്നു. എന്നാൽ ചെളിക്കുണ്ടിൽ നിന്നും മാറിനിൽക്കുവാൻ ആഗ്രഹിക്കുന്നുമില്ല, അനുഭവം വേണ്ട അനുഗ്രഹം മതി എന്നതാണ് നമ്മുടെ പോളിസി.

പ്രിയപ്പെട്ടവരേ, ഇന്നത്തെ സുവിശേഷഭാഗം നമ്മെ ബോദ്ധ്യത്തിലേയ്ക്ക് വിളിക്കുകയാണ്. യേശു യഥാർത്ഥത്തിൽ ദൈവമാണ്. നമ്മുടെ രക്ഷകനാണ് എന്ന ബോദ്ധ്യത്തിലേയ്ക്ക്. ആ വിളിക്ക് പ്രത്യുത്തരം നൽകുവാൻ നമുക്ക് പരിശ്രമിക്കാം, ദൈവം നമ്മെ അനുഗ്രഹിക്കട്ടെ....

**ഫാ. കുര്യൻ കുര്യാസ്.**